ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കുവാൻ 7 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ-ബീറ്റ് പദ്ധതി നടപ്പിലാക്കാൻ കരാർ എടുത്ത M/s. Wifinity Technology, Bangalore എന്ന കമ്പനി കരാർ പ്രകാരമുള്ള ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ്, ട്രെയിനിംഗ് എന്നിവ പൂർണ്ണമായും നടപ്പിലാക്കാത്തതിനാലും ടി പദ്ധതി നടപ്പിലാക്കാൻ വാങ്ങിയ റീഡറുകൾ തകരാറിലായത് കാരണവുമാണ് പദ്ധതി വിജയകരമായി നടപ്പാക്കുവാൻ കാലതാമസം ഉണ്ടായത്.

പുതിയ ബസ്സുകൾ

11 (*161) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസ്സുകളാണ് പുറത്തിറക്കിയിട്ടുള്ളതെന്നും ഏതൊക്കെ ഡിപ്പോകളിലേക്കാണ് അലോട്ട് ചെയ്തതെന്നും വിശദമാക്കുമോ ;

(ബി) ബസ്സുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ ദേശസാൽകൃത മേഖലയിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾക്ക് മുൻഗണന നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം JnNRUM ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി ലഭിച്ച 108 ബസ്സുകളും രണ്ടാം ഘട്ട പദ്ധതി പ്രകാരം ലഭിച്ച 282 ബസ്സുകളും ഉൾപ്പെടെ 2024 ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്. ഡിപ്പോ തിരിച്ച് അലോട്ട് ചെയ്ത കണക്ക് അനുബന്ധമായി ചേർക്കുന്നു. *

(ബി) ബസ്സുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ ദേശസാൽകൃത മേഖലയിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾക്ക് സാധ്യമായ വിധത്തിൽ മുൻഗണന നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly